ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) അസ്ഥിത്വപരമായ സംഘർഷങ്ങളുടെ കാലയളവിൽ ലോക സമാധാനം പുനസ്ഥാപിക്കാൻ ബുദ്ധ ധർമ്മം സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu today said that when the world today is facing an existential crisis on many fronts, the Budhhist community has much to offer to humankind.**

2.) ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പുകളിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. കേരളത്തിലും ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം.

**Political parties intensified campigns for Jharkhand and Maharashtra assembly elections. Campaign for byelections gain momentum in Kerala.**

3.) ഇന്ത്യ -ഓസ്ട്രേലിയ സമഗ്ര നയതന്ത്ര പങ്കാളിത്തം ക്രമാനുഗതമായി വളരുകയാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

**Dr Jaishankar participated in the 15th India - Australia Foreign Ministers' Framework Dialogue with his Australian counterpart today**

**4.)** റെയിൽവേ കരാർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചു.

Kerala CM Pinarayi Vijayan wrote a letter to Union Minister Ashwini Vaishnaw inviting immediate attention to ensure the safety of Railway contract staff

5.) എറണാകുളത്ത് പുരോഗമിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു.

Thiruvananthapuram district at the top spot in Kerala School Sports Meet ongoing in Ernakulam

6.) യുഎസ് പ്രസിഡൻറ് തിരഞ്ഞെടുപ്പ് ഇന്ന്.

The United States will go to polls today to elect a new President

*******************************************

## PREZ–BUDDHIST SUMMIT.. INTRO

ലോകം അസ്ഥിത്വപരമായ സംഘർഷം നേരിടുന്ന സാഹചര്യത്തിൽ സമാധാനം പുനസ്ഥാപിക്കാൻ ബുദ്ധ ധർമ്മം സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടക്കുന്ന പ്രഥമ ഏഷ്യൻ ബുദ്ധമത ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി . ബുദ്ധ ധർമ്മത്തിന്റെ അനുഗ്രഹീത ഭൂമിയാണ് ഇന്ത്യയെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

ആഗോള തലത്തിലും, ഏഷ്യയിൽ പ്രത്യേകിച്ചും സമാധാനം ഉറപ്പുവരുത്താൻ ബുദ്ധ ധർമ്മം ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ചർച്ച ചെയ്യണമെന്നും രാഷ്ട്രപതി പറഞ്ഞു. ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതത്തിൻറെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ ഉച്ചകോടിയുടെ പ്രമേയം. സാംസ്കാരിക മന്ത്രാലയം ഇൻ്റർനാഷണൽ ബുദ്ധിസ്റ്റ് കോൺഫെഡറേഷന്റെ സഹകരണത്തോടെയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

**************************************

## MAHARASHTRA ELECTIONS

മഹാരാഷ്ട്രയിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചതോടെ സ്ഥാനാർഥികളുടെ ചിത്രം വ്യക്തമായി. 4,140 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. മഹാരാഷ്ട്രയിലെ 288 അംഗ നിയമസഭയിലേക്ക് നവംബർ 20-ന് ഒറ്റഘട്ടമായാണ് തിരഞ്ഞെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും. മുൻനിര നേതാക്കൾ സംസ്ഥാനത്ത് പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 8 മുതൽ സംസ്ഥാനത്തെ 11 ഇടത്ത് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാളെ മുബൈയിലും, നാഗ്പൂരിലും പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

**************************************

## JHARKHAND ELECTION

ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിങ്ങ് ഇന്ന് റാഞ്ചിയിലും, ലൊഹർദഗയിലും പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ, ഇന്ന് രണ്ടിടങ്ങളിൽ ഐ.എൻ.ഡി.ഐ.എ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്.

**************************************

## KERALA ELECTION

കേരളത്തിലും ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി

പ്രിയങ്കഗാന്ധിയുടെ രണ്ടാംഘട്ട പ്രചാരണം ഇന്ന് വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ നടക്കും. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണം നിലമ്പൂർ മണ്ഡലത്തിലാണ്. എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണം ഇന്ന് ബത്തേരിയിൽ നടക്കും. ചേലക്കര, പാലക്കാട് നിയമസഭാ തിരഞ്ഞെടുപ്പുകളിലും പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്.

****************************************

## JAISHANKAR – AUSTRALIA…INTRO

ഓസ്ട്രേലിയൻ പര്യടനം തുടരുന്ന വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോംഗുമായി കാൻബറയിൽ 15-ാമത് ഇന്ത്യ-ഓസ്ട്രേലിയ വിദേശകാര്യ മന്ത്രിമാരുടെ സംഭാഷണത്തിൽ പങ്കെടുത്തു. ഇന്ത്യയും-ഓസ്ട്രേലിയയും തമ്മിലുള്ള സമഗ്ര നയതന്ത്ര പങ്കാളിത്തം ക്രമാനുഗതമായി വളരുകയാണെന്ന് ശ്രീ. ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ശക്തമായ രാഷ്ട്രീയ ബന്ധങ്ങൾ, പ്രതിരോധ-സുരക്ഷാ സഹകരണം, വ്യാപാര വിപുലീകരണം, വിദ്യാഭ്യാസം എന്നിവയിൽ ഇത് പ്രതിഫലിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

(വോയ്സ്)

****************************************

## ASWINI VAISHNAV– SHORNOOR ACCIDENT

റെയിൽവേയുമായി ബന്ധപ്പെട്ട ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചു. കഴിഞ്ഞ ദിവസം ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള റെയിൽപാളം

വൃത്തിയാക്കുന്നതിനിടെ, നാല് തമിഴ്നാട് സ്വദേശികൾ ട്രെയിൻ ഇടിച്ചു മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് കത്ത്. ആമയിഴഞ്ചാൻ തോട്ടിൽ റെയിൽവേ കരാറുകാരൻ നിയമിച്ച ശുചീകരണതൊഴിലാളി മുങ്ങിമരിച്ച സംഭവവും മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. മരിച്ചവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും കത്തിൽ പറയുന്നു.

*******************************************

## SC- PVT. PROPERTY

എല്ലാ സ്വകാര്യ സ്വത്തുക്കളും പൊതുനന്മ ചൂണ്ടിക്കാട്ടി സർക്കാരുകൾക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്ന് സുപ്രീംകോടതി. ഇതുസംബന്ധിച്ച മുൻ ഉത്തരവ് കോടതി തള്ളി. അതേസമയം, സ്വകാര്യ ഭൂമികളിൽ ചിലത് പൊതുസ്വത്താണെന്ന് വിലയിരുത്താമെന്നും പരമോന്നതകോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഢ് അധ്യക്ഷനായ ഒൻപതംഗ ബെഞ്ചാണ് വിധി പറഞ്ഞത്.

*******************************************

## DELHI–POLLUTION

ഡൽഹിയിൽ വായു ഗുണനിലവാരം അപകടകരമായ നിലയിൽ തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് ഗുണനിലവാര സൂചികയിൽ ഇന്ന് രാവിലെ 385 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരത്തിന്റെ ചില ഭാഗങ്ങളിൽ മലിനീകരണ തോത് 400 കടന്ന് ഗുരുതര നിലയിലെത്തിയതായും റിപ്പോർട്ടുണ്ട്. അതേസമയം, ദീപാവലി ആഘോഷങ്ങളിൽ പടക്കങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം കർശനമായി പാലിക്കാത്തതിൽ ഡൽഹി സർക്കാരിൽ നിന്നും സുപ്രീംകോടതി വിശദീകരണം തേടി.

*******************************************

## SIKKIM- ODD EVEN

ഗാംഗ്ടോക്ക് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ സ്വകാര്യ, സർക്കാർ വാഹനങ്ങൾക്കായി സിക്കിം സർക്കാർ ഇന്നു മുതൽ ഒറ്റ-ഇരട്ട ട്രാഫിക് സംവിധാനം നടപ്പാക്കി. ഗാംഗ്ടോക്കിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണ് നടപടി. ഒറ്റ അക്കത്തിൽ അവസാനിക്കുന്ന രജിസ്റ്റരേഷൻ നമ്പർ ഉള്ള വാഹനങ്ങൾക്ക് ഒറ്റ അക്ക തീയതികളിലും ഇരട്ട അക്കത്തിലും അവസാനിക്കുന്ന രജിസ്ട്രേഷൻ നമ്പറുള്ള വാഹനങ്ങൾക്ക് ഇരട്ട അക്ക തീയതികളിലും മാത്രം ദേശീയ പാത 10-ലൂടെ സഞ്ചരിക്കാൻ അനുമതി നൽകുന്നതാണ് ഈ സംവിധാനം. വിനോദ സഞ്ചാരികർക്കും, വിവാഹം, മരണം തുടങ്ങിയവയ്ക്കായി പോകുന്നവർക്കും പ്രത്യേക അനുമതിയോടെ ഇളവ് നൽകും.

*******************************

## SPECIAL TRAINS

ഡൽഹിയിൽ നിന്ന് രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിലേക്ക് ഇന്ന് 22 ഓളം ഉത്സവകാല പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ അറിയിച്ചു. ഛഢ് പൂജ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർക്ക് സുഗമമായ യാത്ര ഉറപ്പാക്കാൻ ഈ മാസം 2 മുതൽ 8 വരെ 145 അധിക സ്പെഷ്യൽ ട്രെയിനുകളും സർവീസ് നടത്തുന്നുണ്ട്. ഇന്ന് മുതൽ ഈ മാസം എട്ട് വരെ നീണ്ടുനിൽക്കുന്ന ഛഢ് പൂജയിൽ പങ്കെടുക്കാൻ നിരവധി ആളുകളാണ് വിവിധ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുന്നത്.

*******************************

## SCHOOL SPORT MEETS

സംസ്ഥാന സ്കൂൾ കായിക മേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. 529 ഗെയിംസ് ഇനങ്ങളിൽ 253 മത്സരങ്ങൾ

പൂർത്തിയായപ്പോൾ 646 പോയിൻറോടെയാണ് തിരുവനന്തപുരം ഒന്നാമതെത്തിയത്. 316 പോയിന്റോടെ കണ്ണൂർ രണ്ടാമതും 295 പോയിന്റോടെ തൃശൂർ മൂന്നാം സ്ഥാനത്തുമാണ്. തിരുവനന്തപുരം സെൻറ് ജോസഫ് സ്കൂളും, വട്ടിയൂർകാവ് ഗവൺമെൻറ് വി.എച്ച്.എസ്.എസും, കോട്ടൺഹിൽ ഗവൺമെൻറ് ഗേൾസ് എച്ച്.എസ്.എസുമാണ് ഗെയിംസ് വിഭാഗത്തിൽ മുന്നിൽ നിൽക്കുന്നത്. അക്വാട്ടിക്സ് വിഭാഗത്തിലും തിരുവനന്തപുരം 22 പോയിൻറുകളോട് ഒന്നാമതാണ്.

*********************************

## SPORTS MEET – GOLD

സംസ്ഥാന സ്കൂൾ കായികമേളയിൽ ആദ്യ സ്വർണം നേടി തിരുവനന്തപുരം ജില്ല. സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ നടന്ന 14 വയസിന് മുകളിലുള്ളവരുടെ മിക്സഡ് സ്റ്റാൻഡിങ് ജംപിലാണ് തിരുവനന്തപുരത്തിന്റെ മെഡൽനേട്ടം. വിവിധ സ്കൂളുകളിൽ നിന്നുള്ള മിഥുൻ, ആദിത്യൻ, വിജേഷ്, അക്ഷയ്, നന്ദന, ശിവാനി എന്നിവരാണ് തിരുവനന്തപുരത്തെ പ്രതിനിധീകരിച്ച് മത്സരിച്ചത്.

*********************************

## US PREZ POLLS

യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഇന്ന്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും, മുൻ പ്രസിഡന്റുമായ ഡോണൾഡ് ട്രംപും ഡെമോക്രാറ്റിക്ക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡന്റുമായ കമല ഹാരിസും തമ്മിലാണ് പോരാട്ടം. ഇന്ത്യൻ സമയം വൈകുന്നേരം 5.30 നും 7.30 നും ഇടയിൽ ആരംഭിക്കുന്ന വോട്ടെടുപ്പ് നാളെ രാവിലെയോടെയോടെ പൂർത്തിയാവും. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. എക്സിറ്റ് പോൾ ഫലങ്ങൾ നാളെ

പുലർച്ചയോടെ പുറത്തുവരും. അടുത്ത വർഷം ജനുവരി 6 നായിരിക്കും ഔദ്യോഗിക ഫലപ്രഖ്യാപനം.

*********************************

## OSCAR

F T I I, പൂനെയിലെ വിദ്യാർത്ഥികൾ നിർമിച്ച ചിത്രം 'Sunflowers Were The First Ones To Know' 2025 ലെ ഓസ്കാർ live action ഷോർട്ട് ഫിലിം വിഭാഗത്തിലേക്ക് യോഗ്യത നേടി. F T I I വിദ്യാർത്ഥി ചിദാനന്ദ എസ് നായിക് സംവിധാനം ചെയ്ത ഈ കന്നഡ ഭാഷാ ഹ്രസ്വചിത്രം ഇന്ത്യൻ നാടോടി കഥകളിൽ നിന്നും പ്രചോദനം ഉൾകൊണ്ട് നിർമിച്ചതാണ്.

**********************************************************************************************************************************
****************